©
കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം, വെള്ളി<br>Thiruvananthapuram, Friday | 2020 നവംബർ 13<br>13th November 2020<br>1196 തുലാം 28<br>28th Thulam 1196<br>1942 കാർത്തികം 22<br>22nd Karthika 1942 | നമ്പർ<br>No. | 2787 |

കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്

വിജ്ഞാപനം

സ.ഉ.(അച്ചടി) നം.71/2020/ത.സ്വ.ഭ.വ — തിരുവനന്തപുരം, 2020 നവംബർ 13

**എസ്. ആർ. ഒ. നമ്പർ 825/2020**

1994–ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994–ലെ 20) 65–ാം വകുപ്പ് (1)–ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ച്, 2020 നവംബർ 29–ാം തീയതി കാലാവധി അവസാനിക്കുന്ന എറണാകുളം ജില്ലയിലെ തൃക്കാക്കര മുനിസിപ്പാലിറ്റിയുടെ കാലാവധി അവസാനിക്കുന്നതു മുതൽ, 2020–ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതുതെരഞ്ഞെടുപ്പിനു ശേഷം പുതിയ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മുനിസിപ്പാലിറ്റി രൂപീകരിക്കുന്നതുവരെയുള്ള കാലയളവിലേക്ക് പ്രസ്തുത മുനിസിപ്പാലിറ്റിയുടെ ഭരണ നിർവ്വഹണത്തിനു വേണ്ടി സർക്കാർ ഉദ്യോഗസ്ഥരായ മൂന്നംഗങ്ങളുൾപ്പെടുന്ന ഒരു ഭരണ നിർവഹണ കമ്മിറ്റിയെ താഴെപ്പറയുന്ന പ്രകാരം നിയമിച്ചുകൊണ്ട് കേരള സർക്കാർ ഇതിനാൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നു, അതായത്:–

**ഭരണ നിർവ്വഹണ കമ്മിറ്റിയുടെ ഘടന**

(1) മുനിസിപ്പൽ കൗൺസിൽ സെക്രട്ടറി;

(2) മുനിസിപ്പൽ എൻജിനീയർ;

(3) മുനിസിപ്പാലിറ്റിയിലെ സംയോജിത ശിശുവികസന പദ്ധതിയുടെ ചുമതലയുള്ള ഉദ്യോഗസ്ഥൻ.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**ബിശ്വനാഥ് സിൻഹ**

**പ്രിൻസിപ്പൽ സെക്രട്ടറി**

**വിശദീകരണക്കുറിപ്പ്**

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

കോവിഡ്–19 രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ, നിലവിലുള്ള മുനിസിപ്പാലിറ്റികളുടെ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് പുതിയ മുനിസിപ്പാലിറ്റി രൂപീകരിക്കാൻ കഴിയുന്ന തരത്തിൽ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള 2020–ലെ പൊതുതെരഞ്ഞെടുപ്പ് ക്രമീകരിക്കുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. 2020 നവംബർ 11–ാം തീയതി കാലാവധി അവസാനിച്ച സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളുടെ ഭരണ നിർവഹണത്തിനായി സർക്കാർ ഉദ്യോഗസ്ഥരായ മൂന്ന് അംഗങ്ങളുൾപ്പെടുന്ന ഒരു ഭരണ നിർവഹണ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കമ്മിറ്റിയെ നിയമിച്ചുകൊണ്ട് 2020 നവംബർ 10–ാം തീയതിയിലെ 2731-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 812/2020 ആയി പ്രസിദ്ധപ്പെടുത്തിയ 2020 നവംബർ 9–ാം തീയതിയിലെ സ.ഉ.(അച്ചടി) നം. 67/2020/ത.സ്വ.ഭ.വ വിജ്ഞാപനപ്രകാരം ഉത്തരവായിരുന്നു. എന്നാൽ എറണാകുളം ജില്ലയിലെ തൃക്കാക്കര മുനിസിപ്പാലിറ്റിയുടെ കാലാവധി 2020 നവംബർ 29–ാം തീയതിയാണ് അവസാനിക്കുന്നത്. പ്രസ്തുത മുനിസിപ്പാലിറ്റിയുടെ കാലാവധി അവസാനിക്കുന്നതിനും 2020–ലെ പൊതുതെരഞ്ഞെടുപ്പിനു ശേഷം പുതിയ മുനിസിപ്പാലിറ്റി രൂപീകരിക്കുന്നതിനും ഇടയിലുള്ള കാലയളവിലേക്ക്, മുനിസിപ്പാലിറ്റിയുടെ ഭരണ നിർവഹണത്തിനായി ഒരു സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്. 1994–ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 65–ാം വകുപ്പ് (1)–ാം ഉപവകുപ്പ്, ഒരു മുനിസിപ്പാലിറ്റിയുടെ കാലാവധി കഴിയുകയും ഒരു പുതിയ മുനിസിപ്പാലിറ്റി രൂപീകരിക്കപ്പെടാതിരിക്കുകയും ചെയ്യുമ്പോഴോ അല്ലെങ്കിൽ 64–ാം വകുപ്പ് പ്രകാരം ഒരു മുനിസിപ്പാലിറ്റി പിരിച്ചുവിടുകയാണെങ്കിലോ, സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി വിജ്ഞാപനത്തിൽ പറയാവുന്ന കാലയളവിൽ മുനിസിപ്പാലിറ്റിയുടെ ഭരണ നിർവഹണത്തിനായി ഒരു സ്പെഷൽ ആഫീസറെയോ അല്ലെങ്കിൽ സർക്കാർ ഉദ്യോഗസ്ഥരായ മൂന്നിൽ കുറയാത്ത അംഗങ്ങളുള്ള ഒരു ഭരണ നിർവഹണ കമ്മിറ്റിയെയോ നിയമിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ആയതിൻപ്രകാരം എറണാകുളം ജില്ലയിലെ തൃക്കാക്കര മുനിസിപ്പാലിറ്റിയുടെ ഭരണ നിർവ്വഹണത്തിനു വേണ്ടി ഒരു ഭരണ നിർവഹണ കമ്മിറ്റിയെ നിയമിക്കുവാൻ, സർക്കാർ, തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2020.11.13 08:24:21 +05:30